സഹകരണത്തോടുകൂടി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചും ജനപങ്കാളിത്തത്തോടെയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ക്ഷേമനിധി ബോർഡുകൾ മുഖേന എൻജിനീയറിംഗ് കോളേജുകൾ

7(*186) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ച് നടത്തുക എന്നത് ക്ഷേമനിധി ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുമോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ബോർഡിന് എപ്രകാരം എൻജിനീയറിംഗ് കോളേജ് തുടങ്ങുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽ വകുപ്പ് സ്ഥാപിക്കുന്ന 'ലേബർ അക്കാഡമി'യുടെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ഒരു സ്വാശ്രയ എൻജിനീയറിംഗ് കോളേജ് തുടങ്ങാനുള്ള തീരുമാനം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിഗണിച്ചുവരുന്നു.

(ബി) 1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവീസസ്) കേന്ദ്ര നിയമനത്തിന്റെയും ഇതനുസരിച്ചുള്ള സംസ്ഥാന ചട്ടത്തിന്റെയും റൂൾ 207 പ്രകാരം പ്രസ്തുത ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ സാദ്ധ്യതയുള്ള സാങ്കേതിക കോഴ്സുകൾ നടത്തുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അന്യ സംസ്ഥാനങ്ങളിലേക്ക് അനധികൃതമായി റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം

8(*187) ശ്രീ. ടി. കെ. നൗഷാദ്:
ശ്രീ. പി. കെ. കുമാരൻ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലെ മത്സ്യസംസ്ക്കരണശാലകളിലേക്ക് തൊഴിലാളികളെ സംസ്ഥാനത്ത് നിന്നും അനധികൃതമായി റിക്രൂട്ട് ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ, സേവന-വേതന വ്യവസ്ഥകൾ എന്നിവ ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്ന തൊഴിലാളികളുടെ ക്ഷേമം മുൻ നിർത്തി എന്തെങ്കിലും പുതിയ ക്ഷേമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളി നിയമം എത്ര കണ്ട് പ്രയോജനപ്രദമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളി നിയമം കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിനായി സ്കാഡ് പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നും റിക്രൂട്ട്മെന്റ് ലൈസൻസ് ലഭിച്ചിട്ടുള്ള കോൺട്രാക്ടർമാർ മുഖേന മാത്രമേ അന്യ സംസ്ഥാനങ്ങളിലേക്ക് ജോലിക്കായി പോകാവൂ എന്ന് തൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി ബോധവൽക്കരണ ക്യാംപുകൾ സംഘടിപ്പിക്കുകയും "കുടിയേറ്റ തൊഴിലാളികളും നിയമ പരിരക്ഷയും" എന്ന തലക്കെട്ടിൽ ലഘുരേഖ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ലേബർ കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു മൂന്നംഗ സംഘം ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ മത്സ്യസംസ്ക്കരണശാലകൾ സന്ദർശിച്ച് തൊഴിലാളികളുടെ ജീവിത നിലവാരത്തെ പറ്റി പഠനം നടത്തി പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ ആവശ്യമായ അനന്തര നടപടിയായി പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നമ്മുടെ സംസ്ഥാനത്തെ പോലെ അന്യ സംസ്ഥാനങ്ങളിലും കൂടിയേറ്റ തൊഴിലാളി നിയമം കർശനമായി നടപ്പാക്കിയാൽ ഇതു കൊണ്ടുദ്ദേശിക്കുന്ന സുരക്ഷ തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്.

(ഇ) സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളി നിയമം കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സംസ്ഥാന തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ലഭിച്ചിട്ടുള്ള കോൺട്രാക്ടർമാർ തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് കൊണ്ടുപോകുമ്പോൾ അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരം നൽകേണ്ട ഡിസ്പ്ലേസ്മെന്റ് അലവൻസ്, യാത്രാബത്ത എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കുകയും പാസ്ബുക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കോൺട്രാക്ടർമാരെക്കൊണ്ട് നിയമം അനുശാസിക്കുന്ന സെക്യൂരിറ്റി തുക കെട്ടിവയ്പിക്കുന്നുണ്ട്. മാത്രമല്ല നിയമത്തിലെ വീഴ്ചകൾക്ക് പ്രൊസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

9(*188) ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറിച്ച് അടുത്ത കാലത്ത് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിലയിരുത്തലുകളിൽ കണ്ടെത്തിയ പ്രധാന പാകപ്പിഴകൾ എന്തെല്ലാമായിരുന്നു ;

(സി) അവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സഹകരണ സ്ഥാപനങ്ങൾ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നും സഹകാരികൾക്ക് പ്രയോജനം ലഭിക്കാത്ത വിധത്തിൽ വ്യതിചലിച്ച് പോകുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഓരോ മേഖലയിലേയും സഹകരണ സ്ഥാപനങ്ങൾ അതിന്റെ സമ്പത്ത് പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിൽ മുടക്കുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നതെന്ന കാര്യം അറിവുണ്ടോ ;

(എഫ്) കാർഷിക മേഖലയിലെ പ്രൈമറി സഹകരണ സംഘങ്ങൾ കൃഷിക്കാരനെ അവഗണിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പണം മുടക്കാനും നിർബന്ധിതമാകുന്ന സാഹചര്യം ഉള്ളതായി അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly